1. ഒഴിവാക്കപ്പെടേണ്ട കുടുംബങ്ങളെ കണ്ടെത്തുക.

2. സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെടുന്ന ദരിദ്രരിൽ ദരിദ്രരായവരെ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

3. ബാക്കിയുള്ള കുടുംബങ്ങളെ തരംതിരിച്ച് ഏറ്റവും ദരിദ്രരായവരെ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തുക.

(ബി) ബി.പി.എൽ. സെൻസസ്സിനായുള്ള പൈലറ്റ് ടെസ്റ്റ് 2010 ആഗസ്റ്റ് മാസത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നതായി കേന്ദ്രഗ്രാമവികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. പൈലറ്റ് ടെസ്റ്റിന്റെ അവലോകനം നടത്തിയ ശേഷമേ രാജ്യവ്യാപകമായുള്ള ബി.പി.എൽ. സെൻസസ്സ് നടത്തുകയുള്ളൂ. ബി.പി.എൽ. സെൻസസ്സ് എന്ന് നടത്തണമെന്നത് സംബന്ധിച്ച അറിയിപ്പൊന്നും കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടില്ല.

(സി) കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലെ 23.62 ശതമാനം പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കാം.

നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ച ഗ്രാമങ്ങൾ

102 (4725) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകൾക്ക് നിർമ്മൽ ഗ്രാമ പുരസ്കാരം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മൽ പുരസ്കാരം നേടി എന്ന് അറിയിക്കുമോ ;

(സി) ഏതെങ്കിലും ജില്ല സമ്പൂർണ്ണ ശുചിത്വ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 869 പഞ്ചായത്തുകൾക്ക്.

(ബി) 105 ബ്ലോക്ക് പഞ്ചായത്തുകൾക്ക്

(സി) തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളെ നിർമ്മൽ ജില്ലാ പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം

103 (4726) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly